**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** **12-02-2024 - ൽ മറുപടിയ്ക്ക്**

**ബാലരാമപുരം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവളം നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ് സ്റ്റേഷന് സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | **ബാലരാമപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ, ബാലരാമപുരം പഞ്ചായത്തിന്റെ അധീനതയിലുള്ള, ബാലരാമപുരം വില്ലേജിൽ ബ്ലോക്ക് നം. 13-ൽ റീസർവ്വേ നം. 240/15-ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.**<br>**ബാലരാമപുരം പോലീസ് ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സ്കൂളിന്റെ സ്ഥലം ഏറ്റെടുത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.** |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഡിപ്പാർട്ട്മെന്റ് സ്ഥലത്ത് തന്നെ പ്രവർത്തിക്കുന്ന ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സ്കൂളിന്റെ സ്ഥലം കൂടി ഏറ്റെടുത്ത് ബാലരാമപുരം ജംഗ്ഷനിൽ തന്നെ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ